LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീം സംഘടനാ ഭാരവാഹികളുടെ യോഗം

187(395) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ന്യൂനപക്ഷങ്ങൾക്ക് ചെയ്ത കാര്യങ്ങളും പാലോളി സമിതി റിപ്പോർട്ടും വിശദീകരിക്കുന്നതിന്റെ ഭാഗമായി മുസ്ലീം സംഘടനാ ഭാരവാഹികളുടെ യോഗം മന്ത്രിമാരുടെ നേതൃത്വത്തിൽ ജനുവരി 6-ാം തീയതി കോഴിക്കോട്ട് വിളിച്ച് ചേർക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം സംഘടനകളെ യോഗത്തിലേക്ക് ക്ഷണിച്ചുവെന്നും അവരിൽ ആരെല്ലാം പങ്കെടുത്തുവെന്നും വിശദമാക്കുമോ ;

(സി) ഈ യോഗത്തിലെ അജണ്ട എന്തെല്ലാമായിരുന്നു ;

(ഡി) ഈ യോഗത്തിൽ നിന്നും ഉയർന്ന് വന്ന നിർദ്ദേശങ്ങൾ എന്തെല്ലാം;

(ഇ) ഇവയിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കുമോ ;

(എഫ്) മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയെ സംബന്ധിച്ച് എന്തെങ്കിലും ആശങ്കകൾ സംഘടനാ പ്രതിനിധികൾ ഉന്നയിച്ചിരുന്നുവോ : എങ്കിൽ ഇവ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുസ്ലീം ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ യോഗത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. അതിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പാലോളി കമ്മിറ്റി റിപ്പോർട്ട് നിർവ്വഹണ അവലോകനം, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കൽ എന്നിവയായിരുന്നു യോഗത്തിലെ അജണ്ട.

(ഡി) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലെ പലിശ പ്രയോഗം എടുത്തുകളയുന്നതിന് നടപടി സ്വീകരിക്കുക, ക്ഷേമനിധിയിലെ സർക്കാർ കോൺട്രിബ്യൂഷൻ വർദ്ധിപ്പിക്കുക, പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ വിവേചനപരമായി പരിശോധിച്ച് തീരുമാനമെടുക്കുക, പി.എസ്.സി. നിയമനങ്ങളിലുണ്ടായ ന്യൂനത പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിക്കുക, കേരളത്തിൽ മതന്യൂനപക്ഷങ്ങൾ പിന്നോക്കമല്ല എന്ന് കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലം തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, സി.ബി.എസ്.ഇ. സ്കൂളുകൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗീകാരം നൽകുക, ഓർഫനേജുകളിലെ വാട്ടർ ചാർജ്ജ് കുറയ്ക്കുക, കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ഒരു മന്ത്രിയുടെ ചുമതല നൽകുക, തൊഴിൽ, ആരോഗ്യം തുടങ്ങിയ മേഖലകൾ സംബന്ധിച്ച് സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ പരാമർശം പരിഗണിക്കുക, എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടു സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുക എന്നിവയാണ് ഈ യോഗത്തിൽ നിന്നും ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ.

(ഇ) നിർദ്ദേശങ്ങൾ ഒന്നൊന്നായി സർക്കാർ പരിശോധിച്ചു വരുന്നു. മദ്രസ്സാ ക്ഷേമനിധി അംഗത്വ ശിപാർശ കാര്യത്തിൽ അനുഭവപ്പെട്ട പരാതി പരിഹരിച്ച് ഉത്തരവ് നൽകി ക്ഷേമനിധി ആനുകൂല്യങ്ങൾ ട്രഷറി വഴി നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. മറ്റ് ആവശ്യങ്ങൾ ഓരോന്നായി പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) ഉന്നയിച്ചിരുന്നു. അത് പരിഹരിക്കുന്നതിന് മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ആനുകൂല്യങ്ങൾ ക്ഷേമനിധി മാനേജർ വഴി നേരിട്ട് ട്രഷറി വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ആലപ്പുഴ നഗരത്തിലെ ചേരിവികസനം

188(396) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരികളുടെ വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ നഗരത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് നടന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ നഗരത്തിൽ എത്ര ചേരികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ ;

(സി) നഗരത്തിലെ ചേരിവികസനത്തിനായി ഒരു പ്രത്യേക പദ്ധതി സർക്കാർ പ്രഖ്യാപിക്കുമോ ?

ഉത്തരം

(എ) ചേരികളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ നഗരത്തിൽ 1236.85 ലക്ഷം രൂപയുടെ ഐ.എച്ച്.എസ്.ഡി.പി. പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം ലഭിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 334 വീടുകളുടെ നിർമ്മാണം, 293 ഭവനങ്ങളുടെ പുനരുദ്ധാരണം, 656.10 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

(ബി) നിലവിൽ ആലപ്പുഴ നഗരത്തിൽ 72 ചേരികൾ ഉള്ളതായി നഗരസഭയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭ റിപ്പോർട്ട് ചെയ്ത ചേരികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly